കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് –കൊച്ചി നഗരസഭ 2010-2011 സാമ്പത്തിക വർഷത്തെ അക്കൗണ്ടുകൾ 'സാംഖ്യ' സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതിന് പ്രത്യേകാനുമതി നല്കി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയം ഭരണ (എഎ)വകുപ്പ്

സ.ഉ. (ആർ.ടി.)നം.708 /2013/തസ്വഭവ തീയ്യതി,തിരുവനന്തപുരം, 20.03.13

---

പരാമർശം :-1. സ.ഉ. (എം.എസ്.) നം. 81/2011/തസ്വഭവ തീയ്യതി തിരുവനന്തപുരം 25.03,2011

2. കൊച്ചി നഗരസഭ സെക്രട്ടറിയുടെ 15.02.2013 ലെ MOA 27/25177/07-Vol 3 നം. കത്ത്

## ഉത്തരവ്

കേരളത്തിലെ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും, തലശ്ശേരി, ആലപ്പുഴ എന്നീ നഗരസഭകളിലും, അക്കൗണ്ടിംഗ് ജോലികൾ നിർവ്വഹിക്കുന്നതിന് ഐ.കെ.എം. തയ്യാറാക്കിയ, അക്രുവൽ അടിസ്ഥാനമാക്കിയിട്ടുള്ള ഡബിൾ എൻട്രി സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നത് നിർബന്ധമാക്കി പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ കൊച്ചി നഗരസഭയിൽ 2008 മുതൽ സ്വകാര്യ കമ്പനി വികസിപ്പിച്ച് നല്കിയ സോഫ്റ്റ്‌വെയർ അക്കൗണ്ടിംഗിനായി ഉപയോഗിച്ച് വന്നിരുന്നു. എന്നാൽ പ്രസ്തുത സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിൽ ചില സാങ്കേതിക ബുദ്ധിമുട്ടുകൾ വന്നു ചേർന്നതിനാൽ 2010 സെപ്റ്റംബർ മാസം മുതൽ പ്രസ്തുത സോഫ്റ്റ്‌വെയർ ഉപയോഗം കൊച്ചി നഗരസഭ നിർത്തിവെയ്ക്കുകയുണ്ടായി. പരാമർശം (1) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01.04.2011 മുതൽ അക്കൗണ്ടുകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും 2010-2011 ലെ കണക്കുകൾ സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല.

2. 2010-2011 ലെ അക്കൗണ്ടുകൾ ഭാഗികമായി പഴയ സോഫ്റ്റ്‌വെയറിൽ സൂക്ഷിക്കുന്നതുകൊണ്ടുള്ള പ്രയോഗികമായുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി 2010 ഏപ്രിൽ 1 മുതൽ ഉള്ള അക്കൗണ്ടുകൾ പൂർണ്ണമായും സാംഖ്യയിൽ രേഖപ്പെടുത്തുന്നതിന് പ്രത്യേകാനുവാദം നല്കണമെന്ന് പരാമർശം (2) ലെ കത്ത് മുഖാന്തിരം കൊച്ചി നഗരസഭാ സെക്രട്ടറി അപേക്ഷിക്കുകയുണ്ടായി.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൊച്ചി നഗരസഭയുടെ 2010-2011 ലെ സാമ്പത്തിക വർഷത്തെ കണക്കുകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്നതിന് പ്രത്യേകാനുവാദം നല്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എം.എസ്. റഷീദ
അണ്ടർ സെക്രട്ടറി

1.സെക്രട്ടറി, കൊച്ചി നഗരസഭ, കോർപ്പറേഷൻ ഓഫീസ്,
പി.ബി.നം. 1016, എറണാകുളം, കൊച്ചി 682 011
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
3. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തദ്ദേശ സ്വയം ഭരണ വകുപ്പ്,
തിരുവനന്തപുരം
4. ഡയറക്ടർ, അർബൻ അഫയേഴ്സ്, തിരുവനന്തപുരം
5.ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
6.എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഐ.കെ.എം, 'പ്രതീക്ഷ',
പാങ്ങപ്പാറ, ശ്രീകാര്യം, തിരുവനന്തപുരം
7. റീജിയണൽ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, കൊച്ചി
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ